# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1051 28.04.2017-ലെ മറുപടി

### മങ്കട മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ

**ചോദ്യം**

ശ്രീ.ടി.എ.അഹമ്മദ് കബീർ :

എ 2016-17 സാമ്പത്തിക വർഷത്തിൽ മങ്കട മണ്ഡലത്തിൽ കേരളാ വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യിരുന്ന പ്രവൃത്തികളുടെ ഡി. പി. ആർ. ഉൾപ്പെടെ തയ്യാറാക്കുന്നതിന് സ്വീകരിച്ച

ബി നടപടികൾ വിശദീകരിക്കുമോ;

പ്രസ്തുത പ്രവൃത്തികളുടെ ഡി. പി. ആർ. സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ:

**മറുപടി**

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പമന്ത്രി)

2016-17-ലെ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് ബഹു.എം.എൽ.എ ശ്രീ.അഹമ്മദ് കബീർ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്.

എയും ബിയും

1. പുത്തനങ്ങാടി-ക്കുമപ്പാറ പ്രദേശത്ത് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - 3.60 ലക്ഷം
2. ചോളക്കുളമ്പ് പ്രദേശത്തേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും പുത്തനങ്ങാടി പ്രദേശത്തുള്ള ഇന്റർ കണക്ഷൻ പ്രവൃത്തിയും - 5 ലക്ഷം
3. മൂർക്കനാട് പഞ്ചായത്തിലെ 1, 4, 5, 6, 7, 19 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - 35 ലക്ഷം
4. പുഴക്കാട്ടിരി പഞ്ചായത്തിലെ 1, 2, 3, 4, 5, 7, 11 13, 15 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - 50 ലക്ഷം
5. കൂട്ടിലങ്ങാടി പഞ്ചായത്തിലെ 5, 7, 9, 10, 12, 13, 15 വാർഡുകളിൽ വിതരണശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തി - 25 ലക്ഷം
6. കുറുവ കുടിവെള്ള പദ്ധതിയ്ക്കായി പമ്പിംഗ് മെയിനും പൈപ്പ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി - 50 ലക്ഷം
7. പുഴക്കാട്ടിരി പഞ്ചായത്തിൽ പാതിരമണ്ണ് - കടുങ്ങൽക്കുണ്ട് പ്രദേശത്തേയ്ക്ക് ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തി - 15 ലക്ഷം
8. പുഴക്കാട്ടിരി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ പലകപ്പറമ്പ് ഭാഗത്തേയ്ക്ക് മൂർക്കനാട് കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - 15 ലക്ഷം

എന്നാൽ 20.04.2017-ൽ ബഹു.എം.എൽ.എ ക്രമനമ്പർ - 7-ൽ സൂചിപ്പിച്ച പദ്ധതിയ്ക്ക് പകരം ക്രമനമ്പർ 8-ൽ സൂചിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതു പോലെ ക്രമനമ്പർ 1, 2 സൂചിപ്പിച്ച പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ട റോഡുകൾ ബി.എം & ബി.സി ചെയ്യതിനാൽ റോഡ് കട്ടിംഗ് പെർമിഷൻ ലഭിക്കാൻ സാധ്യതയില്ല എന്ന് പി.ഡബ്ല്യു.ഡി അറിയിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്

| | | | |
|---|---|---|---|
| | | | ഡിവിഷൻ മലപ്പുറം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2017 മെയ് 15 നകം സമർപ്പിക്കുവാനായി ഉത്തരമേഖല ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി | പുതുക്കിയ സർക്കുലർ പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി 2017 മെയ് 31- നുള്ളിൽ നൽകുവാൻ സാധിക്കുമോ? | സി | പ്രസ്തുത പദ്ധതികൾക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ